**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3125** **01-03-2023 - ൽ മറുപടിയ്ക്ക്**

**തരൂർ നിയോജക മണ്ഡലത്തിലെ ഞാവലിൻകടവ് പാലം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി.പി. സുമോദ്</td><td colspan="2">ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>തരൂർ-ഒറ്റപ്പാലം നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഞാവലിൻകടവ് പാലത്തിൽ ലക്കിടി പേരൂർ പ്രദേശത്ത് നിലം പരിവർത്തനം നടത്തേണ്ടുന്ന സ്ഥലം തിട്ടപ്പെടുത്തി പൊതുമരാമത്ത് (പാലങ്ങൾ) വിഭാഗത്തിൽ നിന്നും കൃഷിവകുപ്പിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?</td><td>(എ)</td><td>പാലക്കാട് ജില്ലയിലെ ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവലിൻകടവ് പാലവും റെയിൽവെ മേൽപ്പാലവും കൂടിയുള്ള പാലത്തിന്റെ നിർമ്മാണത്തിനായി ഒറ്റപ്പാലം താലൂക്കിൽ ലക്കിടി-പേരൂർ 2 വില്ലേജിൽ 196.46 സെന്റ് കൃഷി ഭൂമി സ്ഥലപരിവർത്തനത്തിനുള്ള അപേക്ഷയ്ക്ക് കൃഷിവകുപ്പ് അനുമതി നിരസിക്കുകയുണ്ടായി. ഞാവലിൻകടവ് പാലം എലിവേറ്റഡ് സ്ട്രക്ച്ചറായി നിർമ്മിക്കുന്നതിനു TGD ലഭ്യമായിട്ടുണ്ട്. TGD യുടെ അടിസ്ഥാനത്തിലും 12..12.2022 തീയതിയിൽ ചേർന്ന ജില്ല കളക്ടറുടെ അവലോകന യോഗതീരുമാനം അനുസരിച്ചും ഒറ്റപ്പാലം താലൂക്കിൽ ലക്കിടി - പേരൂർ 2 വില്ലേജിൽ പ്രസ്തുതപാലം എലിവേറ്റഡ് സ്ട്രക്ച്ചർ ആയി നിർമ്മിക്കുന്നതിന് പാലത്തിന്റെ പണി നടക്കുന്ന സമയത്ത് Working space ആയി പരമാവധി കുറഞ്ഞ അളവിലുള്ള നിലം 196.46 cent കൃഷി ഭൂമി ആവശ്യമാണെന്നും എലിവേറ്റഡ് സ്ട്രക്ച്ചർ ആയി നിർമ്മാണം പൂർത്തിയായി കഴിയുമ്പോൾ പാലം തുടങ്ങുന്ന ലാൻഡ് സ്പാൻ, pillar footing എന്നിവക്ക് ആവശ്യമായ ഉദ്ദേശം 90 cent ഒഴികെയുള്ള ഭൂമി കൃഷി ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുന്നതാണ്. എലിവേറ്റഡ് പാലത്തിന് ആവശ്യമായ 196.46 സെന്റ് ഭൂമിയുടെ data bank ലക്കിടി - പേരൂർ കൃഷി ഓഫീസിൽ നിന്നും ലഭിച്ചിട്ടുണ്ട്. ലക്കിടി - പേരൂർ II വില്ലേജ് ഓഫീസറുടെ സഹായത്തോടെ Pier location നും മറ്റും സൈറ്റിൽ ഫിക്സ് ചെയ്തതിന് ശേഷം മാത്രം എലിവേറ്റഡ് ബ്രിഡ്ജിന് ആവശ്യമായ ഏകദേശം 90സെന്റ് ഭൂമിയുടെ മാത്രമായി സർവ്വേ നമ്പറും ഡാറ്റാ ബാങ്കിന്റെ കോപ്പിയും ലഭ്യമാക്കി കൃഷി വകുപ്പ് മുഖേന തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ